## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2453 | 14. 06. 2019 ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി.അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക

ചോദ്യം

ശ്രീ.വി.എസ്.ശിവകുമാർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. യിലെ - അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ പി.എസ്.സി. ക്വാട്ട-യിൽ എത്ര ഒഴിവുകൾ ആണ് നിലവിൽ ഉള്ളത് എന്ന് വെളിപ്പെടുത്തുമോ; | (എ) കെ.എസ്.ഇ.ബി.യിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ പി.എസ്.സി. ക്വാട്ടയിൽ 4 ഒഴിവുകളാണ് നിലവിലുള്ളത്. |
| (ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.-സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് അംഗപരിമിതർക്കായി സംവരണം ചെയ്യപ്പെട്ടതിനാൽ നിലവിൽ പി.എസ്.സി പ്രസിദ്ധീകരിച്ചിരിക്കുന്ന ലിസ്റ്റിൽ അനുയോജ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ അടുത്ത ലിസ്റ്റിൽ നിന്നും മാത്രമേ നിയമനം നടത്താൻ കഴിയുകയുള്ളൂ. |
| (സി) കെ.എസ്.ഇ.ബി.യിൽ നിലവിൽ ശൂന്യ വേതന അവധിയിൽ ഉള്ള എത്ര അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാർ ആണ് ഉള്ളത് എന്ന് 40 % പി.എസ്.സി. ക്വാട്ട, 10 % ഇൻ സർവ്വീസ് ക്വാട്ട, 30% ഡിപ്ലോമ ക്വാട്ട, 20 % ഐ.റ്റി.ഐ. ക്വാട്ട അനുസരിച്ച് തരം തിരിച്ച് വിവരം നൽകുമോ; | (സി) കെ.എസ്.ഇ.ബിലിമിറ്റഡിൽ നിലവിൽ ശൂന്യ വേതന അവധിയിൽ ഉള്ള 36 അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരാണ് ഉള്ളത്. ഇതിൽ ക്വാട്ട അനുസരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>40% -28<br>30% - 6<br>10% - 2<br>ആകെ - 36 |
| (ഡി) കെ.എസ്.ഇ.ബി.യിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ സാങ്ഷൻഡ് സ്ട്രെങ്ത്തിൽ സ്പോർട്ട്സ് ക്വാട്ട, ആശ്രിത നിയമനം എന്നിവയ്ക്കായി മറ്റ് ക്വാട്ട ഇനത്തിൽ മാറ്റി വച്ചിരിക്കുന്ന 45 തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ആണ് ഉള്ളത് എന്ന് വെളിപ്പെടുത്തുമോ; | (ഡി) ഒഴിവുകൾ ഇല്ല. |

| | |
|---|---|
| (ഇ) പ്രസ്തുത ഒഴിവുകളും 40 % പി.എസ്.സി. ക്വാട്ടയിൽ ശൂന്യ വേതന അവധിയിൽ ഉള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ ഒഴിവുകളും ഇപ്പോൾ നിലവിൽ ഉള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രി ക്കൽ) മാരുടെ 40% പി.എസ്.സി. ഓപ്പൺ ക്വാട്ട റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; അതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ഇ) 40% ക്വാട്ടയിൽ ശൂന്യ വേതന അവധിയിൽ ഉള്ള ഒരെണ്ണം ഒഴികെയുള്ള എല്ലാ ഒഴിവുകളും കെ. പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ഒഴിവ് 15.03.2019 – ലാണ് ഉണ്ടായത്. ഇത് ആറു മാസം കഴിയുന്ന മുറയ്ക്ക് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ